*Uncorrected/Not for publication*

*13-10-2026*

*Submission*

**സബ്മിഷൻ**

(1) ഇടുക്കി ഡാം ടൂറിസം കോറിഡോർ പദ്ധതി

ശ്രീ. റോയി കെ. പൗലോസ്: സർ, രാജ്യത്തിന്റെ അഭിമാന പദ്ധതിയും എഞ്ചിനീയറിങ് രംഗത്തെ ഒരു വിസ്മയവുമാണ് ഇടുക്കി ആർച്ച് ഡാം. 1976-ൽ കമ്മീഷൻ ചെയ്ത ഇടുക്കി ഡാം രാജ്യത്തെ ഏറ്റവും വലിയ ആർച്ച് ഡാമും ഏഷ്യയിലെ ഏറ്റവും ഉയരമുള്ള കോൺക്രീറ്റ് ആർച്ച് ഡാമുമാണ് എന്ന വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ടി ഡാം എല്ലാ ദിവസവും സന്ദർശകർക്കായി തുറന്നുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. ഇടുക്കി ഡാമിന്റെ ദേശീയ-അന്തർദേശീയ പ്രാധാന്യത്തിന് അനുസൃതമായി ടൂറിസവുമായി ബന്ധപ്പെട്ട സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ടി ഡാം തുറന്നു കൊടുക്കുന്നതോടൊപ്പം കാൽവരി മൗണ്ട്, കല്യാണത്തണ്ട്, അഞ്ചുരുളി, കുളമാവ്, ചെറുതോണി, വാഴത്തോപ്പ്, ഹിൽവ്യൂ പാർക്ക്, അയ്യപ്പൻകോവിൽ തൂക്കുപാലം എന്നിവ ടൂറിസവുമായി ബന്ധപ്പെട്ട ഏറ്റവും പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. ഈ

*13-10-2026*

*Submission*

പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് ഇടുക്കി ഡാം സ്ഥിരമായി തുറന്നുകൊടുക്കുന്നതോടൊപ്പം അടുത്ത അഞ്ചുവർഷംകൊണ്ട് ഇടുക്കി ടൂറിസം കോറിഡോർ യാഥാർത്ഥ്യമാക്കാനുള്ള ഒരു പ്ലാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി അഞ്ചുരുളിയിലെ പ്രശസ്തമായ ടണൽ, ജലപാത, ജലാശയ ദൃശ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സന്ദർശക സൗകര്യങ്ങൾ വർധിപ്പിക്കാൻ കഴിയും. കാൽവരി മൗണ്ടിൽ മികച്ച വ്യൂ പോയിന്റുണ്ട്. അവിടെ പാർക്കിങ്, ശുചിമുറി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഈ പദ്ധതികളെല്ലാം നടപ്പാക്കിയാൽ ധാരാളം ആളുകൾക്കും കുടുംബശ്രീ പ്രവർത്തകർക്കും പ്രാദേശിക സ്വയംസഹായ സംഘങ്ങൾക്കുമൊക്കെ തൊഴിൽ ലഭ്യമാകുന്നതാണ്. ഇടുക്കി, ചെറുതോണി, കുളമാവ് എന്നിവ ഒരേ പ്രോജക്ടിന്റെ ഭാഗമായിട്ടുള്ളതെന്നതാണ് ഈ ഡാമിന്റെ പ്രത്യേകത. അതിൽ ചെറുതോണി ഡാമിന് മാത്രമാണ് ഷട്ടർ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ കഴിയുന്നത്. ഇടുക്കി ആർച്ച് ഡാമിന് മറ്റൊരു വലിയ പ്രത്യേകത കൂടിയുണ്ട്. ഏറ്റവും കൂടുതൽ പ്രഷർ ഉണ്ടാകുന്ന സന്ദർഭത്തിൽ അതിനൊപ്പം

*13-10-2026*

*Submission*

സ്വയം വികസിക്കാനും പ്രഷർ കുറയുമ്പോൾ സ്വയം ചുരുങ്ങാനുമുള്ള അത്യപൂർവമായ കഴിവുള്ള  ഇടുക്കി ആർച്ച് ഡാം വളരെ മികച്ച സാങ്കേതിക വിദ്യയോടുകൂടി നടപ്പാക്കിയിട്ടുള്ളതാണ്. ഇങ്ങനെ എല്ലാവിധ പ്രത്യേകതകളുമുള്ള ടി ഡാമിൽ എല്ലാദിവസവും സന്ദർശകർക്ക് സ്ഥിരമായി പ്രവേശിക്കാൻ അനുമതി ഉണ്ടായിരുന്നതാണ്. എന്നാൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഡാമിലേയ്ക്കുള്ള പ്രവേശനാനുമതി നിഷേധിച്ചിരിക്കുകയാണ്. രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്നും ഇടുക്കിയിലേക്ക് കടന്നുവരുന്ന വിനോദസഞ്ചാരികൾക്കായി പ്രസ്തുത ഡാം തുറന്നുകൊടുക്കാൻ അനുമതി നൽകണമെന്ന അപേക്ഷയാണ്, അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ മൂന്ന് ഡാമുകളും കൂടിയുള്ള ഒരു  സിംഗിൾ ഇന്റഗ്രേറ്റഡ് വാട്ടർ സ്റ്റോറേജ് സിസ്റ്റമാണ് കെ.എസ്.ഇ.ബി.-യുടെ നേതൃത്വത്തിൽ കനേഡിയൻ എഞ്ചിനീയർമാരുടെ സാങ്കേതിക മികവിന്റെ അടിസ്ഥാനത്തിൽ അവിടെ നിലകൊള്ളുന്നത്. ഇത് കാണാനുള്ള അവസരം ലോകത്തിന് ഉണ്ടാക്കികൊടുക്കണം എന്നതാണ് എന്റെ അഭ്യർത്ഥന.  ബഹുമാന്യരായ

നിയമസഭാ സാമാജികരും ഉത്തരവാദിത്വപ്പെട്ട മറ്റ് ആളുകളും ഇടുക്കി ഡാം സന്ദർശിക്കാനുള്ള താൽപര്യം പ്രകടിപ്പിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞതുപോലെ ഇടുക്കി ജില്ല പൊതുവിലും ഇടുക്കി ഡാമും പരിസരപ്രദേശങ്ങളും പ്രത്യേകമായും സംസ്ഥാനത്തെതന്നെ വിനോദസഞ്ചാരികളുടെ ഏറ്റവും ആകർഷണ കേന്ദ്രങ്ങളിലൊന്നാണ്. ഞാൻ കോളേജ് വിദ്യാർത്ഥിയായിരുന്ന സമയത്താണ് ഇടുക്കി ഡാം കണ്ടത്. ഇപ്പോൾ മന്ത്രിയായി ചുമതല ഏറ്റെടുത്തശേഷം ബഹുമാനപ്പെട്ട അംഗത്തോടൊപ്പം ഇടുക്കി ഡാം സന്ദർശിച്ചു. അവിടെ സന്ദർശക ഡയറി എനിക്ക് നൽകി. ഞാൻ അതിൽ എഴുതിയത് "This is not only a wonder. This is really a miracle" എന്നാണ്. ഇതൊരു അത്ഭുതമാണ്. ഞാൻ ബഹു. മുഖ്യമന്ത്രിയോടും ഇതേ വാക്കുകൾ പറയുകയുണ്ടായി. ടെക്നോളജി ഇത്രയധികം വികസിക്കാത്ത അൻപത് വർഷങ്ങൾക്കുമുമ്പ് അന്നത്തെ

*13-10-2026*

*Submission*

എഞ്ചിനീയർമാർ വൈദഗ്ധ്യത്തോടുകൂടി പണിതുയർത്തിയ ഇടുക്കി ഡാം സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. നമ്മുടെ എഞ്ചിനീയറിങ് വിദ്യാർത്ഥികളും എഞ്ചിനീയറിങ് വൈദഗ്ധ്യമുള്ളവരും ഡാം കണ്ടിരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, ഇടുക്കി ആർച്ച് ഡാമും പരിസരപ്രദേശങ്ങളും ഇന്റലിജൻസ് റിപ്പോർട്ടുപ്രകാരം അതീവ സുരക്ഷാ തന്ത്രപ്രധാന മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ നിർദിഷ്ടമായ എല്ലാവിധ സുരക്ഷാ പ്രോട്ടോകോളുകൾക്കും നിർദേശങ്ങൾക്കും വിധേയമായി മാത്രമേ വിനോദസഞ്ചാരത്തിനായി ഡാം തുറന്നുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഇടുക്കി ഡാം വിനോദസഞ്ചാരികൾക്കായി എല്ലാദിവസവും തുറന്നുകൊടുക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും വിനോദസഞ്ചാരികളുടെ പ്രവേശനം ക്രമീകരിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സന്ദർശനം സുഗമമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ കേരള ഹൈഡൽ ടൂറിസം സെന്റർ (KHTC) സജ്ജമാക്കിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ടൂറിസം ഡിപ്പാർട്ടുമെന്റും

*Submission*

കെ.എസ്.ഇ.ബി.എൽ.-മായി ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സുരക്ഷാ വീഴ്ചകൾ ഉണ്ടാകാത്ത വിധത്തിൽ ഡാം തുറന്നുകൊടുക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ സമീപനം. ഇതിനായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. അതുപോലെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപ്രകാരം, ഹൈഡൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലവസരവും നൽകും. ഇടുക്കി ചെറുതോണി ഡാം തുടർച്ചയായി തുറന്നുകൊടുക്കുന്ന പക്ഷം കൂടുതൽ പ്രദേശവാസികൾക്ക് ജോലി ലഭിക്കുകയും പ്രദേശത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കുകയും ചെയ്യും. കാൽവരി മൗണ്ട്, അഞ്ചുരുളി, കുളമാവ്, ചെറുതോണി, വാഴത്തോപ്പ്, ഹിൽവ്യൂ പാർക്ക്, അയ്യപ്പൻകോവിൽ തൂക്കുപാലം തുടങ്ങിയ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തി ഇടുക്കി ഡാം ടൂറിസം കോറിഡോർ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏകോപിപ്പിച്ച് സാധ്യത പഠനം നടത്തി തീരുമാനമെടുക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇടുക്കിയിലേക്ക് എല്ലാവരെയും ക്ഷണിച്ചിട്ടുണ്ട്. ആ ക്ഷണം എല്ലാവരും

സ്വീകരിക്കണം. ബഹു. മന്ത്രിമാരും എം.എൽ.എ.-മാരും കഴിയുന്നത്ര ഇടുക്കി സന്ദർശിക്കണം. അതിന് കെ.എസ്.ഇ.ബി. എല്ലാവിധ സൗകര്യങ്ങളും ഒരുക്കുന്നതാണ് എന്ന് പ്രത്യേകമായി അറിയിക്കുകയാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിതന്നെ അതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

(2) കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെ വേതന വർധന

ശ്രീമതി ഗീതാഗോപി: സർ, കെ.എസ്.ഇ.ബി.എൽ.-ൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന മീറ്റർ റീഡർമാർക്ക് വേതന വർധനവുണ്ടായിട്ടില്ല. നിരക്ക് നിശ്ചയിക്കാതെതന്നെ റ്റി.ഒ.ഡി. (Time of Day) റീഡിങ് എടുക്കുന്നതിന് നിർബന്ധിക്കപ്പെടുന്ന സാഹചര്യവുമുണ്ടായി. പിന്നീട് മാസങ്ങൾ കഴിഞ്ഞാണ് നിരക്ക് പുതുക്കി നിശ്ചയിച്ച ഉത്തരവ് ഉണ്ടായത്. എന്നാൽ വളരെ തുച്ഛമായ നിരക്കാണ് ബോർഡ് വർധിപ്പിച്ചത്. വർധന കേവലം നാമമാത്രമാണ്. ഒരു മീറ്റർ റീഡറെ സംബന്ധിച്ചിടത്തോളം പ്രതിമാസം ഇതിലൂടെ കേവലം അറുപത് രൂപ മുതൽ നൂറ് രൂപവരെ വർധനവാണ് ഉണ്ടായിട്ടുള്ളത്. അതേസമയം

*13-10-2026*

*Submission*

ഗാർഹിക ഉപഭോക്താക്കളുടെയും മറ്റ് ഉപഭോക്താക്കളുടെയും Recorded Maximum Demand (RMD) കൂടി രേഖപ്പെടുത്തണമെന്ന അപ്ഡേഷൻ PoS (Point of Sale) മെഷീനിൽ വരികയുമുണ്ടായി. ജോലിഭാരം വർധിപ്പിക്കുന്നതും ജോലി സമയം കൂട്ടുന്നതുമാണ് പുതിയ നിർദേശം. ഇത്തരത്തിൽ ജോലിഭാരം വർധിപ്പിക്കുന്നതനുസരിച്ച് വേതനത്തിൽ മാന്യമായ വർധനവ് ഉണ്ടാകുന്നുമില്ല. റ്റി.ഒ.ഡി. റീഡിങ്ങുകൾക്ക് നൽകുന്ന 1.60 എന്ന അധിക നിരക്ക് കുറവാണെന്നതുകണ്ട് അത് വർധിപ്പിക്കാനും ആർ.എം.ഡി. ഉൾപ്പെടെയുള്ള അധിക റീഡിങ് എടുക്കുന്നതിന് തക്കതായ നിരക്ക് നിശ്ചയിച്ച് നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, മീറ്റർ റീഡർമാർക്കുള്ള പ്രതിഫല നിരക്കുകൾ കാലാകാലങ്ങളായി പരിഷ്കരിച്ചുവരുന്നുണ്ട്. ദ്വൈമാസ മീറ്റർ റീഡിങ് നിരക്കുകളിൽ 19-08-2020-ലും 24-05-2023-ലും പത്ത് ശതമാനം വീതം വർധനവ് അനുവദിച്ചിട്ടുണ്ട്. തുടർന്ന് 29-10-2025-ലെ ഉത്തരവിലൂടെ

*13-10-2026*

*Submission*

ടൈം ഓഫ് ഡേ മീറ്റർ റീഡിങ്ങിനുള്ള നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. 24-05-2023-ലെ നിരക്ക് പരിഷ്കരണ പ്രകാരം സിറ്റി/അർബൻ/സെമി അർബൻ/റൂറൽ/ റിമോട്ട് മേഖലകളിലെ ദ്വൈമാസ മീറ്റർ റീഡിങ്ങിനുള്ള നിരക്കുകൾ യഥാക്രമം 5.81, 6.39, 7.46, 8.92, 13.31 എന്നിങ്ങനെയാണ്. സോളാർ മീറ്ററുകളുടെ പ്രതിമാസ റീഡിങ്ങിനുള്ള നിരക്കുകൾ 02-05-2024-ലെ ഉത്തരവുപ്രകാരം 17.30 മുതൽ 34.60 വരെയും റ്റി.ഒ.ഡി. മീറ്ററുകളുടെ ദ്വൈമാസ റീഡിങ്ങിനുള്ള നിരക്കുകൾ 29-10-2025-ലെ ഉത്തരവുപ്രകാരം 7.41 മുതൽ 14.91 വരെയുമാണ്. മീറ്റർ റീഡർമാരുടെ ജോലിഭാരവും നിലവിലുള്ള പ്രതിഫല നിരക്കുകളും പരിഗണിച്ച് വേതന വർധനവിന്റെ ശതമാനം അനുസരിച്ചുള്ള സാമ്പത്തിക ബാധ്യത സംബന്ധിച്ച് നിർദേശം പരിശോധിച്ച് വൈദ്യുതി ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇവരുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അവർ നടത്തിക്കൊണ്ടിരുന്ന സമരം അവസാനിപ്പിച്ച് ചർച്ചയ്ക്ക് തയ്യാറായിട്ടുണ്ട്.

ചർച്ച നടത്തി അവരുടെ ആവശ്യങ്ങൾ കഴിയാവുന്നത്ര പരിഗണിക്കുന്നതാണ്.

(3) എറണാകുളം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിൽ ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയിൽ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി പരസ്പരം സമരം ചെയ്യുകയും കലഹിക്കുകയും ചെയ്യുന്ന അന്തരീക്ഷത്തിലേക്ക് കടക്കുകയാണ്. 25 വർഷക്കാലം ഞാൻ കോർപ്പറേഷൻ കൗൺസിലറായും എട്ട് വർഷക്കാലമായി നിയമസഭാ സാമാജികനുമായി പ്രവർത്തിച്ചുവരികയാണ്. ഇത്രയും രൂക്ഷമായ കുടിവെള്ള ക്ഷാമം നാളിതുവരെ ജില്ലയിൽ ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ മൂന്നുമാസക്കാലമായി അതീവ ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ചിറ്റൂർ, വടുതല, പച്ചാളം, തട്ടാഴം, അയ്യപ്പൻകാവ്, ഇളമക്കര, കലൂർ, എറണാകുളം സെൻട്രൽ സിറ്റി ഏരിയയായ പി.ടി. ഉഷ റോഡ്, ടി. ഡി. റോഡ് എന്നിങ്ങനെ നഗരത്തിലെ പ്രധാനപ്പെട്ട

*13-10-2026*

*Submission*

ഭാഗങ്ങളിലും കുടിവെള്ളം ലഭിക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. ആലുവ, മരട് എന്നിവിടങ്ങളിലെ ജലശുദ്ധീകരണശാലകളിൽനിന്നുമുള്ള വെള്ളം, 135 MLD ശേഷിയുള്ള തമ്മനത്തെ ഗ്രൗണ്ട് ലെവൽ ടാങ്കിൽ നിറച്ചശേഷം പ്രസ്തുത ടാങ്കിൽനിന്ന് 225 ഹോഴ്സ് പവർ കപ്പാസിറ്റിയുള്ള മോട്ടോർ ഉപയോഗിച്ച് ഒന്നിടവിട്ട ദിവങ്ങളിലാണ് നഗരത്തിൽ ജലവിതരണം നടത്തുന്നത്. 2025 തമ്മനത്ത് സ്ഥാപിച്ചിട്ടുള്ള 2 അറകളുള്ളതും 135 MLD ശേഷിയുമുള്ള ടാങ്കിന്റെ ഒരു അറ നവംബർ മാസം 10-ന് കാലപ്പഴക്കംമൂലം തകർന്നുപോയി. അതിനെത്തുടർന്ന് ഗുരുതരമായ കുടിവെള്ള ക്ഷാമമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും മീറ്റിങ് വിളിച്ച് ഇന്ററിം ആയിട്ടുള്ള ഇടപാടുകൾ നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. പക്ഷേ, കഴിഞ്ഞ എട്ട്, ഒൻപത് മാസക്കാലമായി ആ പ്രോസസ് നടക്കുകയാണ്. പക്ഷേ, കഴിഞ്ഞ മൂന്നുമാസക്കാലമായി ടി പ്രദേശങ്ങളിലെല്ലാം ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കുടിവെള്ള ക്ഷാമത്തിന് രൂക്ഷത

വർധിച്ചിരിക്കുന്നത്. ഞങ്ങൾ നിങ്ങളെ അധികാരത്തിലേറ്റിയിട്ടും കുടിവെള്ളംപോലും കിട്ടുന്നില്ല എന്നാണ് ജനങ്ങൾ പറയുന്നത്. സ്വാഭാവികമായും വെള്ളത്തിന്റെ ഷോർട്ടേജിന് പിന്നിൽ എന്തോ കാരണമുണ്ട്. ഒന്നുകിൽ ആലുവയിൽനിന്നോ മരടിൽനിന്നോ കൃത്യമായി വെള്ളം നഗരത്തിലേക്ക് വരുന്നില്ല, അല്ലെങ്കിൽ വരുന്ന വെള്ളം കൃത്യമായി വിതരണം ചെയ്യുന്നതിൽ അപാകതകൾ ഉണ്ടാകുന്നുവെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ 135 MLD ശേഷിയുള്ള ടാങ്ക് തകർന്നിട്ട് അത് പുനഃനിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാനുള്ള ഒരു കാര്യവും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നത് ഖേദകരമാണ്. 2 അറകളുള്ള ടാങ്കിന്റെ ഒരു അറ കാലപ്പഴക്കംമൂലം തകരുകയും ശേഷിക്കുന്ന അറയ്ക്ക് 65 MLD കപ്പാസിറ്റിയാണുള്ളത്. അതിൽ 40-45 MLD-യിൽ കൂടുതൽ വെള്ളം നിറയ്ക്കാൻ കഴിയില്ലെന്നാണ് വിദഗ്ധരുടെ അഭിപ്രായം. അതും പൊട്ടിപ്പോയാൽ നഗരത്തിൽ ജലവിതരണം ചെയ്യുന്ന പദ്ധതിപോലും നിലച്ചുപോകും. അതിനാൽ പ്രസ്തുത പദ്ധതി സംബന്ധിച്ചും ആശങ്ക നിലനിൽക്കുകയാണ്. 135 MLD

കപ്പാസിറ്റിയുള്ള തകർന്ന ടാങ്ക് പുനഃനിർമ്മിച്ച് വെള്ളം എത്തിക്കാനുള്ള പദ്ധതി അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മറ്റൊന്ന്, നവകേരള മിഷനുമായി ബന്ധപ്പെട്ട് 6 കോടി രൂപ മുടക്കി 10 സെന്റ് സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ പത്തോളം വാർഡുകളിൽ ജലവിതരണം നടത്തുന്നൊരു പദ്ധതിയുണ്ടായിരുന്നു. പദ്ധതിക്കായി റവന്യൂ വകുപ്പ് പത്ത് സെന്റ് സ്ഥലം നൽകുകയും 6 കോടി രൂപ നവകേരള സദസ്സിന്റെ ഫണ്ട് വിനിയോഗിക്കുകയും ചെയ്തു. 2 കോടി രൂപ എം.എൽ.എ. ഫണ്ടിൽനിന്നും നൽകാമെന്ന് ഞാൻ എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. ഇവയെല്ലാം ഉണ്ടായിട്ടും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഭരണാനുമതി ലഭിക്കുന്നില്ല. പുതിയ സർക്കാർ അധികാരത്തിൽവന്നപ്പോൾ നയപരമായ തീരുമാനമുണ്ടാകണമെന്ന കാരണത്താൽ വാട്ടർ അതോറിറ്റി പെൻഡിങ് വയ്ക്കുകയാണ്. ഒരു ഭാഗത്ത് ജനങ്ങൾ കുടിവെള്ളം കിട്ടാൻ ബുദ്ധിമുട്ട് നേരിടുകയും മറ്റൊരു ഭാഗത്ത് അതിന് പരിഹാരമുണ്ടാക്കാൻ വാട്ടർ

*13-10-2026*

*Submission*

അതോറിറ്റി ഫണ്ട് ലഭ്യമല്ലാത്തതിനാൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പല രീതിയിലുള്ള പദ്ധതികൾ നടപ്പാക്കിയിട്ടും അവയൊന്നും പ്രാവർത്തികമാക്കാൻ കഴിയാത്ത സാഹചര്യവുമാണുള്ളത്. ചിറ്റൂർ വാട്ടർടാങ്ക് അടിയന്തരമായും പൂർത്തീകരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്നതാണ് മറ്റൊരു ആവശ്യം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പല യോഗങ്ങളും വിളിച്ചു, ഇക്കാര്യത്തിൽ വകുപ്പുമന്ത്രി ഇടപെട്ടില്ല എന്നൊന്നും എനിക്ക് അഭിപ്രായമില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും വെള്ളത്തിന് പകരം കാറ്റാണ് വരുന്നത്. അതുകൊണ്ട് ജനങ്ങൾ തൃപ്തരല്ല. കഴിഞ്ഞദിവസം അവിടെ പല രീതിയിലുള്ള സമരങ്ങൾ നടന്നു. ഈ വിഷയത്തിൽ ബഹു. വകുപ്പുമന്ത്രി തന്നെ രണ്ടുപ്രാവശ്യം യോഗം  നടത്തി 199 MLD പ്ലാന്റ് നിർമ്മിച്ചാൽ ഇതിന് പരിഹാരമുണ്ടാകുമെന്നും, അതിനാൽ ADB പദ്ധതിയിലുൾപ്പെടുത്തി ബഹു. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇടപെട്ട് അതിന്റെ അഡ്മിനിസ്ട്രേഷൻ സാങ്ഷനും ലഭിച്ചു.  ടെൻഡർ നടപടി പൂർത്തീകരിക്കണമെങ്കിൽ രണ്ടു

*13-10-2026*

*Submission*

വർഷത്തോളം സമയമെടുക്കും. ഒന്നര-രണ്ടു വർഷംകൊണ്ടു മാത്രമെ വെള്ളം തരുവെന്ന് പറയാൻ കഴിയുമോ; നഗരത്തിലെ ജനങ്ങളോട് രണ്ടുവർഷക്കാലം വെള്ളത്തിനായി കാത്തിരിക്കണമെന്ന് പറയാൻകഴിയുമോ? അതുകൊണ്ട് തമ്മനത്തെ ടാങ്ക് നിർമ്മിക്കുന്ന വിഷയത്തിലാണെങ്കിലും ചിറ്റൂരിലെ ടാങ്ക് നിർമ്മിക്കുന്ന വിഷയത്തിലാണെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. നഗരത്തിൽ ഒരു ദിവസം പത്തുലക്ഷം പേരാണ് ഫ്ളോട്ടിങ് പോപ്പുലേഷനായി കടന്നുവരുന്നത്. ആ നഗരത്തിൽ പുതിയ ഫ്ലാറ്റുകളും ആശുപത്രികളും വാണിജ്യ സ്ഥാപനങ്ങളും ഉണ്ടാകുന്നു. പക്ഷെ കുടിവെള്ളമുണ്ടാകുന്നില്ല. കഴിഞ്ഞ പത്ത് വർഷമായി കുടിവെള്ള സ്രോതസും സൃഷ്ടിക്കാനായില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെടുന്നുണ്ടെങ്കിലും വേണ്ടത്ര റിസൾട്ട് ഉണ്ടാകുന്നില്ല. അതിനാൽ അടിയന്തരമായി ഈ വിഷയത്തിൽ ബഹു. വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. തമ്മനത്തെ ഗ്രൗണ്ട് ലെവൽ ടാങ്കും ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂരിൽ

നവകേരളസദസ്സ് വഴി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ടാങ്ക് പണിയുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഇത് ചർച്ചയല്ല, സബ്മിഷനാണ്. കൊച്ചിയെ പ്രതിനിധീകരിക്കുന്ന അംഗത്തിന് കുടിവെള്ള പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ ഒരു മിനിട്ട് അനുവദിക്കുന്നു.

ശ്രീ. മുഹമ്മദ് ഷിയാസ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. ശ്രീ. ടി. ജെ. വിനോദ് ചൂണ്ടിക്കാണിച്ചതുപോലെ കൊച്ചിയിൽ ആവശ്യമുള്ള കുടിവെള്ളത്തിന്റെ 60 ശതമാനം മാത്രമാണ് ലഭിക്കുന്നത്. അതുപോലും ഇപ്പോൾ ലഭിക്കുന്നില്ല.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അരമിനിട്ടുകൂടിയേ ബാക്കിയുള്ളൂ. വേഗത്തിൽ അവസാനിപ്പിക്കേണ്ടതാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: കുമ്പളങ്ങി-ചെല്ലാനം പഞ്ചായത്തുകൾക്ക് വരുമാനമില്ലാത്തതുകൊണ്ട് ടാങ്കറിൽ ജലം ലഭ്യമാക്കൽ അസാദ്ധ്യമാണ്. അതുകൊണ്ട് വാട്ടർ അതോറിറ്റി നേരിട്ട് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

*13-10-2026*

*Submission*

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ജെ. വിനോദ് എറണാകുളം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെക്കുറിച്ചും ജല ലഭ്യതയുമായി ബന്ധപ്പെട്ട് അവിടെ ഇപ്പോൾ നേരിടുന്ന പ്രശ്നത്തെക്കുറിച്ചുമൊക്കെ ചൂണ്ടിക്കാണിച്ചത് തികച്ചും വസ്തുതാപരമാണ്. ഈ കാര്യങ്ങളിൽ മന്ത്രി എന്ന നിലയിൽ ഞാൻ നേരിട്ട് ഇടപെടുകയും, കൊച്ചിയിലും ചുറ്റുപാടുകളിലും മാസങ്ങളായി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻവേണ്ടി വകുപ്പിന്റെയും സർക്കാർ സംവിധാനത്തിന്റെയും ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ, അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഇപ്പോഴും വെള്ളം ലഭിക്കുന്നില്ലെന്നുള്ളതാണ്. അക്കാര്യത്തെക്കുറിച്ച് ഗൗരവമായി വീണ്ടും പരിശോധിക്കും. ജലക്ഷാമ പരിഹാരത്തെക്കുറിച്ച് പരിശോധിച്ചപ്പോൾ കുറെയേറെ പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. അദ്ദേഹം തന്നെ നിലവിലെ കാര്യങ്ങളെക്കുറിച്ച് വിശദമായി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. തമ്മനത്ത് നിലവിലുണ്ടായിരുന്ന രണ്ട്

*13-10-2026*
*Submission*

അറകളിലൂടെ (chamber) ജലസംഭരണം നടത്തി വെള്ളം നൽകിക്കൊണ്ടിരുന്നതാണ്. എന്നാൽ അതിൽ ഒരെണ്ണം ഇപ്പോൾ തകർന്നിരിക്കുകയാണ്. അത് പുന:സ്ഥാപിക്കുന്നതിന് സമയമെടുക്കും എന്നുള്ളതാണ് ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം. തീർച്ചയായും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ തമ്മനത്ത് പുതിയ നിർമ്മാണപ്രവർത്തനങ്ങൾ പരമാവധി വേഗത്തിൽ നടപ്പാക്കുകയെന്നുള്ളതാണ് ഇപ്പോൾ വകുപ്പിന് ചെയ്യാൻ സാധിക്കുന്ന കാര്യം. അതിനുവേണ്ടി കാര്യമായ ഇടപെടലുകൾ നടത്തുകയും കർശനമായ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആ നടപടികളിലേക്ക് കടക്കാൻ തയ്യാറാണ്. അതുപോലെതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ച ചിറ്റൂരുമായി ബന്ധപ്പെട്ട വിഷയം. ചിറ്റൂരിൽ ഇപ്പോൾ ഓഫീസ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലത്ത് ആറര ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും 1.15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയും നിർമ്മിക്കാനുള്ള നിർദേശമാണ് സർക്കാരിന്റെ പരിഗണനയിൽ വന്നിരിക്കുന്നത്. അതിന് എത്രയും പെട്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകണമെന്നാണ് അദ്ദേഹം

*Submission*

നിർദേശിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട ഫയലിൽ എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പരമാവധി വേഗത്തിൽ അക്കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകുമെന്നുള്ള കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്.

കൊച്ചിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വളരെ സങ്കീർണ്ണമാണ്. ഞാൻ ചുമതലയേറ്റതിനുശേഷമുള്ള കാര്യങ്ങൾ പരിശോധിച്ചപ്പോൾ, നിലവിലുള്ള ആവശ്യകതയും, ഉൽപാദന-വിതരണ ശേഷിയും തമ്മിൽ ഒരു പൊരുത്തവുമില്ല. ഇപ്പോൾ അവിടെ വിവിധ തരത്തിലുള്ള കണക്ഷനുകളായി; ഫ്ലാറ്റ് സമുച്ചയങ്ങളായി; ആവശ്യകത ഏറെ വർധിച്ചു. അതനുസരിച്ച് ജലസംഭരണശേഷി വർധിപ്പിക്കാനോ, പ്രോപ്പറായി കുടിവെള്ളം നൽകുവാനോ കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ നിലവിലില്ല. കാലപ്പഴക്കംകൊണ്ട് ജീർണ്ണാവസ്ഥയിലായ പഴയ പൈപ്പാണ് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം നാലുപാടും പൊട്ടി പോകുകയാണ്. ഇത് കൊച്ചിയിൽ മാത്രമല്ല, കേരളമൊട്ടാകെ വളരെ ഗുരുതരമായ ഒരു പ്രശ്നമായി സർക്കാരിന്റെ മുമ്പിൽ വന്നിരിക്കുകയാണ്.

*13-10-2026*
*Submission*

ഇത്തരത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകളെല്ലാം മാറ്റി നേരെയാക്കാതെ ജലവിതരണം കൃത്യമായി നടത്താൻ കഴിയില്ല. ഈ വിഷയത്തിൽ ഗുരുതരമായ ഒരു സ്ഥിതിവിശേഷം സംസ്ഥാനമൊട്ടാകെയുണ്ടെന്നുള്ളത് വസ്തുതയാണ്. ഇവിടത്തെ പ്രശ്നപരിഹാരത്തിന് അധിക സമയം വേണ്ടിവരും. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ നിലവിൽ കൊച്ചിയിൽ ചെയ്യാവുന്ന കാര്യങ്ങൾ സർക്കാർ പരിശോധിക്കുകയുണ്ടായി. കൊച്ചിയിലെ അഞ്ച് എം.എൽ.എ.-മാരെയും വിളിച്ച് രണ്ട് പ്രാവശ്യം യോഗം നടത്തി. ആ യോഗത്തിൽ മുഴുവൻ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കുകയും വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകുകയും ചെയ്തു. എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽത്തന്നെ വിഷയങ്ങൾ വീണ്ടും റിവ്യൂ ചെയ്തു. അതിൽനിന്നും വ്യക്തമായി മനസ്സിലാകുന്നത് നമുക്ക് ഈ കാര്യങ്ങളെല്ലാം നേരെയാക്കാൻ കഴിയണമെങ്കിൽ, രണ്ട് കാര്യങ്ങൾ പ്രായോഗികമായി നടപ്പാക്കണമെന്നതാണ്. അവയിൽ,

*13-10-2026*

*Submission*

1. നിലവിലുള്ള സിസ്റ്റത്തെ എങ്ങനെ ഫലപ്രദമാക്കി മാറ്റാൻ കഴിയും? എന്നതാണ്. സിസ്റ്റത്തിലെ അപാകതകൾ പരിഹരിച്ച് പ്രോപ്പറായി വെള്ളം നൽകാനുള്ള നടപടിയിലേക്ക് ഇപ്പോൾ കടന്നിട്ടുണ്ട്.
2. പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകണമെങ്കിൽ ആലുവയിൽ 190 MLD ശേഷിയുള്ള പുതിയ ജല ശുദ്ധീകരണശാല അനിവാര്യമാണ്.

ജല ശുദ്ധീകരണശാലയ്ക്ക് ഭരണാനുമതിയും 523 കോടി രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അക്കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുകയും വളരെ പെട്ടെന്നുതന്നെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിന് ADB (Asian Development Bank)-യുടെ സഹായംകൂടി ഉള്ളതുകൊണ്ട് ADB norms പ്രകാരം മാത്രമേ തുടർ നടപടികളുമായി മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ. നമുക്ക് അതിനുവേണ്ട സമയം ലഭിച്ചേ മതിയാകൂ. സാധാരണയായി ഇവയുടെ പ്രവർത്തനത്തിന് ഒന്നും രണ്ടും വർഷമാണ് വേണ്ടിവരുന്നത്. ഒന്നും രണ്ടും മാസം കൊണ്ടും കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി ടെൻഡർ നടപടികളിലേക്ക് പോകുകയാണ്. എത്രയും വേഗത്തിൽ ആലുവയിലെ 190

*13-10-2026*

*Submission*

MLD ജല ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് കടക്കാനുള്ള ശ്രമം ത്വരിതപ്പെടുത്തുകയെന്നതാണ് കൊച്ചിയുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള ശാശ്വത പരിഹാരമാർഗമെന്ന് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ അംഗീകരിച്ചിട്ടുണ്ട്. അത് പരമാവധി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഇവിടെ ഉറപ്പുനൽകുന്നു. അതുപോലെ ജലച്ചോർച്ച കുറയ്ക്കുന്നതിന് ADB സഹായത്തോടെ നടപ്പാക്കുന്ന കൊച്ചി, കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഈ പദ്ധതിയുടെ ഭാഗമായി സജീവമായി നടന്നുകൊണ്ടിരിക്കുകയാണ്. പദ്ധതിയുടെ ഭാഗമായുള്ള സർവെ, അസെറ്റ് മാപ്പിങ്, പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, തുടർന്നുള്ള 10 വർഷത്തെ പരിപാലനം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊച്ചിയിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നിയമസഭാ സമ്മേളനം അവസാനിച്ചാൽ ഉടൻതന്നെ

*13-10-2026*

*Submission*

കൊച്ചിയിലെ എം.എൽ.എ.-മാരുടെയും കൊച്ചിയിലെ പ്രാദേശിക ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ കേരളാ വാട്ടർ അതോറിറ്റിയിലെ മുഴുവൻ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം കൊച്ചിയിൽ വിളിച്ചുകൂട്ടുന്നതാണ്. ആ യോഗത്തിൽ പങ്കെടുത്തുകൊണ്ട് കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കും. അതിനുമുമ്പ് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി, ഇപ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ വെള്ളം കിട്ടാതെ നിൽക്കുന്ന ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിന്റെ പരിഹാരം കണ്ടെത്താനുള്ള കർശനമായ നടപടി, ഏതു വിധത്തിലായാലും കാര്യങ്ങൾ പരിഹരിച്ച് വെള്ളം കൊടുക്കുകയെന്ന കാര്യത്തിൽ ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കും. കൊച്ചിയിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട് അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർ ഉണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലം പ്രോപ്പറായി കൊടുക്കുന്നതിനും പ്രശ്നങ്ങൾ ഉണ്ടായാൽ അതിൽ ഇടപെടാൻ തയ്യാറാകാതെ വീഴ്ച കാണിക്കുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയിന്മേൽ നടപടി സ്വീകരിക്കും. അനാസ്ഥ കാണിച്ചവർക്ക് വിശദീകരണം ചോദിച്ചുകൊണ്ടുള്ള നോട്ടീസ്

കൊടുത്തിട്ടുണ്ട്. തൃപ്പൂണിത്തുറയിലും കൊച്ചിയുടെ പല ഭാഗങ്ങളിലും ശുദ്ധജലത്തിൽ മലിനജലം കലർത്തിവിട്ടിട്ടും അതിൽ നടപടി എടുക്കാതെ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥരോടും വിശദീകരണം ചോദിച്ചിരിക്കുകയാണ്. ഇത്തരത്തിൽ നിലവിലുള്ള സിസ്റ്റത്തെ അട്ടിമറിക്കാൻവേണ്ടി ചില ഗൂഢാലോചനകൾ കൊച്ചിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ നടന്നിട്ടുണ്ടോ എന്നുപോലും ഞങ്ങൾ സംശയിക്കുകയാണ്. അതിലെ വിശദാംശങ്ങളും ഉന്നത ഉദ്യോഗസ്ഥരോട് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്. ഗൗരവമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകും, കൊച്ചിയിൽ പ്രോപ്പറായി വെള്ളം കൊടുക്കുന്നതിനുള്ള നടപടികളിൽ സർക്കാർ ആത്മാർത്ഥമായി ഇടപെടുമെന്നുകൂടി അറിയിക്കുകയാണ്.

## (4) <u>ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനർനിർമ്മാണം</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, പുതുക്കാട് നിയോജകമണ്ഡലത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ ആറ്റപ്പിള്ളിയിൽ നിർമ്മിച്ചിരുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്, പുഴ ഗതിമാറി ഒഴുകിയതിന്റെ ഭാഗമായി

തകർന്ന് ഗതാഗത യോഗ്യമല്ലാതായി മാറിയിട്ട് വർഷങ്ങളായിരിക്കുകയാണ്. അവിടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി 122 ലക്ഷം രൂപ ഭരണാനുമതി ലഭ്യമായതാണ്. നിരവധി ഘട്ടങ്ങളിൽ ടെൻഡർ കൊടുത്തിട്ടും ആരും ടെൻഡർ എടുത്തില്ല. പിന്നീട് ഒരു കമ്പനി ടെൻഡർ എടുക്കാൻ വന്നു. അവർ നിശ്ചിത തുകയേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്തതിന്റെ ഭാഗമായി ഇപ്പോൾ അനുമതിക്കായി കാത്തിരിക്കുകയാണ്. അപ്രൂവൽ നൽകുന്നതിൽ കാലതാമസം വരാതെ വേഗത്തിൽ റോഡ് നിർമ്മിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണവിടെയുള്ളത്. അതിനാൽ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടലുകൾ നടത്തി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. അതോടൊപ്പം അവിടെ നിർമ്മിച്ചുകൊണ്ടിരുന്ന ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിക്കാനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും തുക അനുവദിക്കുമെന്ന് 2024-25-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതാണ്. ഇതിന്റെ നിർമ്മാണം

ആരംഭിക്കാനുള്ള തുക അനുവദിക്കുന്നതിനും ഇതിനുള്ള അനുമതിക്കുംവേണ്ടി പ്രത്യേകമായ ഇടപെടലുകൾ നടത്തണം. ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള അടിയന്തര ഇടപെടലുകൾ എത്രയും വേഗത്തിൽ നടത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ കെ. കെ. രാമചന്ദ്രൻ ഉന്നയിച്ച പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനർനിർമ്മാണത്തിനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുമുള്ള നിർദേശം സർക്കാർ തലത്തിൽ കൊടുക്കുന്നതാണ്. തൃശ്ശൂർ ജില്ലയിലെ കുറുമാലി നദിക്കുകുറുകെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് 2006-ൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 2008-ൽ പ്രവൃത്തി ആരംഭിക്കുകയും 2012-ൽ

*13-10-2026*

*Submission*

പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. റെഗുലേറ്റർ വിയറുകൾ, ഷട്ടറുകൾ, ഇരുകരകളിലെയും സംരക്ഷണ ഭിത്തികൾ, അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലുമുള്ള ഏപ്രണുകൾ, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടെയുള്ള ശേഷിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 2016-ൽ 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-ൽ വിവിധങ്ങളായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെ തുടർന്ന് കരാർ റദ്ദാക്കേണ്ടി വന്നു. നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനഃസ്ഥാപിക്കുന്നതിനും ആറ്റപ്പിള്ളി ആർ.സി.ബി.-യുടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. കമ്മിറ്റിയുടെ നിർദേശപ്രകാരം ജലസേചന വകുപ്പിനുകീഴിലുള്ള പീച്ചി കെ.ഇ.ആർ.ഐ. (Kerala Engineering Research Institute) മുഖേന അധിക ഇൻവെസ്റ്റിഗേഷൻ നടത്തുകയും

*13-10-2026*
*Submission*

കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആർ.സി.ബി.-യുടെയും അപ്രോച്ച് റോഡിന്റെയും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഡിസൈൻ ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 13.90 കോടി രൂപയുടെ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

അപ്രോച്ച് റോഡ് നിർമ്മാണത്തിന് മാത്രമായി 1.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ തുക PAC തുകയേക്കാൾ 19.87% അധികമായിരുന്നെങ്കിലും വീണ്ടും ടെൻഡർ നടപടി സ്വീകരിക്കുന്നത് പ്രവൃത്തി ആരംഭിക്കുന്നതിന് കൂടുതൽ കാലതാമസമുണ്ടാകാൻ സാധ്യതയുള്ളതിനാലും, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23-03-2026-ലെ വിധിയുടെ നിർദേശങ്ങൾ സമയബന്ധിതമായി പാലിക്കേണ്ടതിനാലും, 19.87% അധിക നിരക്കിലുള്ള ഏക ടെൻഡർ അംഗീകരിക്കുന്നതിനുള്ള ശിപാർശ സർക്കാർ ഇപ്പോൾ പരിശോധിച്ചുവരികയാണ്.

*Submission*

അതോടൊപ്പം ആർ.സി.ബി.-യുടെ ബാക്കിയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഐ.ഡി.ആർ.ബി. തയ്യാറാക്കിയ ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി ചർച്ച ചെയ്യുകയും കമ്മിറ്റിയുടെ ശിപാർശകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ 18.90 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇത് എത്രയുംവേഗം പരിശോധിച്ച്, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ബജറ്റ് പ്രൊവിഷൻകൂടി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുന്നു. തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തുകളിലെ കാർഷിക, ജലസേചന, കുടിവെള്ള ആവശ്യങ്ങൾക്കും ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ജലലഭ്യത ഉറപ്പാക്കുന്നതിനും സഹായകരമാകുന്ന ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അവശേഷിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് അറിയിക്കുന്നു.

*13-10-2026*

*Submission*

(5) എം.സി. റോഡിലെ അപകടങ്ങൾ കുറയ്ക്കാൻ നടപടി

ശ്രീ. സി. വി. ശാന്തകുമാർ: സർ, കേരളത്തിൽ വർധിച്ചുവരുന്ന റോഡപകടങ്ങൾ സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. അടൂർ നിയോജകമണ്ഡലത്തിലെ ഏനാത്ത് മുതൽ പന്തളം വലിയകോയിക്കൽ ക്ഷേത്രം ഭാഗത്ത്, എം.സി. റോഡിൽ കഴിഞ്ഞ അഞ്ച് മാസക്കാലമായി നിരവധി റോഡപകടങ്ങൾ നടന്നുവരുന്നുണ്ട്. ഓവർ സ്പീഡ്, റോഡിന്റെ നിലവാരമില്ലായ്മ, സിഗ്നൽ അപാകത, ലഹരി ഉപയോഗം തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. നിരവധി ആളുകൾക്ക് ജീവഹാനി നേരിടുകയും മാരകമായി പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. മോട്ടോർ വെഹിക്കിൾ, പി.ഡബ്ല്യു.ഡി., പൊലീസ്, ഫയർഫോഴ്സ്, കെ.എസ്.ആർ.ടി.സി. എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ആഴ്ച ഒരു അച്ഛൻ മകനുമായി സ്കൂളിൽ പോകുമ്പോൾ പെട്ടെന്നുണ്ടായ അപകടത്തിൽ ഏഴ് വയസ്സുള്ള മകൻ മരണപ്പെട്ടു. ഇവിടെയുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും തന്റെ

*13-10-2026*
*Submission*

നിയോജകമണ്ഡലത്തിൽ അപകടങ്ങളുണ്ടാകുമ്പോൾ ഓടിയെത്താറുണ്ട്. പക്ഷെ ഡെഡ്ബോഡി കാണാനുള്ള മനസ്സുപോലുമില്ലാത്ത സാഹചര്യത്തിലാണ് നമ്മൾ പല അവസരത്തിലും നിൽക്കുന്നത്. കേരളത്തിലുണ്ടാകുന്ന ഇത്തരം റോഡപകടങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തിയേ മതിയാകൂ. വരാൻപോകുന്ന മണ്ഡലകാല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് റോഡപകടങ്ങളുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ആയതിനാൽ മണ്ഡലകാല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കണമെന്നും അപകടങ്ങൾ വർധിച്ചുവരുന്ന ഏനാത്ത്-പന്തളം ഭാഗത്ത് അപകടം കുറയ്ക്കുന്നതിനുള്ള സത്വരനടപടികൾ ഉണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു. കൂടാതെ, എം.സി. റോഡിന്റെ വലിയ റോഡിൽക്കൂടി വാഹനങ്ങൾ അതിവേഗം കടന്നുപോകുമ്പോൾ സബ്റോഡിൽ നിന്നുവരുന്ന ചെറിയ വാഹനങ്ങൾ ശ്രദ്ധയിൽപ്പെടാതെ ഉണ്ടാകുന്ന അപകടങ്ങളും വളരെ വലുതാണ്. പുനലൂർ-മൂവാറ്റുപുഴ റോഡിലും സമാനമായ അപകടങ്ങൾ നിരവധിയായുണ്ടാവുകയാണ്. എന്റെ

*13-10-2026*

*Submission*

മകൾപോലും കഴിഞ്ഞ ദിവസം ഞാൻ പുറത്തിറങ്ങാൻ തുടങ്ങിയപ്പോൾ പറഞ്ഞു, 'അച്ഛാ പോകരുത് . കഴിഞ്ഞ ദിവസം എന്റെ വീടിന് തൊട്ടുസമീപത്ത് പ്രമാടം ഗ്രാമപഞ്ചായത്തിലെ ഒരു ഹെൽത്ത് ഇൻസ്പെക്ടർ ജോലി കഴിഞ്ഞ് തിരികെ വരുമ്പോൾ അപകടത്തിൽ അതിദാരുണമായി മരണപ്പെട്ടു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ അലക്ഷ്യമായി ഡ്രൈവിങ് നടത്തുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. കഴിഞ്ഞ ദിവസം പന്തളത്തുവച്ച് എനിക്കും അപകടം സംഭവിക്കേണ്ടതായിരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സ് റോങ്ങ് സൈഡിൽക്കൂടി ഡ്രൈവ് ചെയ്തു എന്റെ വാഹനത്തിനുനേരെ വരികയായിരുന്നു. ഇതിനൊരു ശാശ്വതപരിഹാരം കണ്ടെത്തിയേ മതിയാകൂ. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അപകടത്തിൽപ്പെട്ടയാളെ അതിവേഗം ഹോസ്പിറ്റലിൽ എത്തിക്കാനുള്ള സാഹചര്യത്തിലെത്തി. കേരള ജനത ഇതൊക്കെ നോക്കിക്കാണുന്നുണ്ട്. ഇവിടെയിരിക്കുന്ന പല നിയമസഭാംഗങ്ങളും അപകടങ്ങൾ ഉണ്ടാകുമ്പോൾ അവിടെ ഓടിയെത്താറുണ്ട്. പക്ഷെ നിസ്സഹായമായി നോക്കി നിൽക്കാനേ നമുക്ക് കഴിയാറുള്ളൂ. ഇതിനൊരു ശാശ്വതപരിഹാരം കാണണം. കേരളത്തിലെ

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സമഗ്രപഠനം നടത്തി നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭ മുമ്പാകെ ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, അടൂർ ഏനാത്ത് മുതൽ പന്തളം വരെയുള്ള എം.സി. റോഡ് ഭാഗത്ത് വർധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്ക സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. റോഡപകടങ്ങൾമൂലമുള്ള ജീവഹാനിയും പരിക്കുകളും കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും മോട്ടോർ വാഹനം, പൊതുമരാമത്ത്, പൊലീസ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം അനിവാര്യമാണ്; അത് നടക്കുന്നുമുണ്ട്. ഈ പ്രദേശത്ത്, അതായത് ഏനാത്ത്-പുതുശേരി ഭാഗം, കിളിവയൽ, അടൂർ ബൈപ്പാസ്, മിത്രപുരം, പറന്തൽ, കുരമ്പാല, പന്തളം പാലം, കുളനട, മാന്തുക തുടങ്ങിയ സ്ഥലങ്ങളിലെ അപകടസാധ്യത വർധിപ്പിക്കുന്ന വളവുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുന്നതിനുള്ള നടപ്പാതയുടെ

*13-10-2026*
*Submission*

അഭാവം, അമിതവേഗതയ്ക്ക് സാധ്യതയുള്ള ഭാഗങ്ങൾ, ലൈൻ മാർക്കിങ്ങിന്റെ അപര്യാപ്തത, ഓവർടേക്കിങ്, ജങ്ഷനുകളിൽ അപര്യാപ്തമായ സൂചനാ സംവിധാനങ്ങൾ, വളവുകൾക്കരികിൽ ഭാരവാഹനങ്ങൾ പാർക്ക് ചെയ്യുന്നത് സൃഷ്ടിക്കുന്ന അപകടസാധ്യതകൾ തുടങ്ങിയവയെക്കുറിച്ചൊക്കെ വളരെ വിശദമായിത്തന്നെ നമ്മുടെ ഡിപ്പാർട്ട്മെന്റ് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴും അപകടങ്ങൾ ഒരു തുടർക്കഥയായി മാറുകയാണ്. ഇന്നലെയുണ്ടായ മൂന്നുപേരുടെ മരണം സഭ വളരെ ഞെട്ടലോടുകൂടിയാണ് കേട്ടത്. അതുകൊണ്ട് സംസ്ഥാനത്തെ എം.സി. റോഡ് ഉൾപ്പെടെയുള്ള പാതകളിൽ ഗുരുതരമായ അപകടങ്ങൾ നടന്ന സ്ഥലത്ത് പൊലീസ്, മോട്ടോർ വാഹന വകുപ്പ്, ബന്ധപ്പെട്ട റോഡ് ഏജൻസികൾ, നാറ്റ്പാക്ക് എന്നിവർ ചേർന്ന് സംയുക്ത പരിശോധന നടത്തി അപകട കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾവഴി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. മാത്രമല്ല, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കഴിഞ്ഞ വർഷം ശബരിമല കാലത്ത് സീറോ

*13-10-2026*
*Submission*

ഫെറ്റാലിറ്റി എന്ന പ്രോഗ്രാം മോട്ടോർ വാഹന വകുപ്പ് നടപ്പാക്കിയിരുന്നു. അതിനാൽ ആരും തന്നെ മരിച്ചില്ല. പ്രോഗ്രാം വളരെ വിജയമായിരുന്നു. ഇത്തവണയും ശബരിമല സീസൺ വരുന്നത് പ്രമാണിച്ച് അത്തരത്തിലുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് യോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വിശദമായ കാര്യങ്ങൾ ഞാൻ വായിക്കുന്നില്ല. ചില ബ്ലാക്ക്സ്പോട്ടുകൾ നമ്മൾ കണ്ടെത്തിയിട്ടുണ്ട്. കാലാകാലങ്ങളായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് നാറ്റ്പാകം പഠനം നടത്തി കേരളത്തിലുടനീളമുള്ള ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തുകയും അപകട തീവ്രതയ്ക്കനുസൃതമായി മുൻഗണനാ ക്രമത്തിൽ റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് എം.സി. റോഡ് ഉൾപ്പെടെയുള്ള പാതകളിൽ ഇവ ശാസ്ത്രീയമായി പരീക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിനെല്ലാംപുറമെ മന്ത്രിസഭ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള റോഡ് സുരക്ഷാ മിഷൻ ആരംഭിക്കുകയാണ്. റോഡ്

*13-10-2026*

*Submission*

സുരക്ഷാ മിഷനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ഗതാഗത വകുപ്പുമന്ത്രി കോ-ചെയർമാനും ആഭ്യന്തരം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, യുവജനകാര്യം, തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, തൊഴിൽ, റവന്യൂ വകുപ്പുമന്ത്രിമാർ ചുമതല വഹിക്കുന്നതുമായ ഒരു ഗവേണിങ് കൗൺസിൽ സംവിധാനം ഉടനെതന്നെ നിലവിൽവരാൻ പോകുകയാണ്. ഇതിനുകീഴിൽ പല തരത്തിലുള്ള മിഷനുകൾ വയ്ക്കുകയും അതിന്റെ മിഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചുകൊണ്ട് വളരെ വിശദമായ തരത്തിൽ എല്ലാ അപകടങ്ങളും ഇല്ലാതാക്കുമെന്ന് അവകാശപ്പെടുന്നില്ലെങ്കിൽപ്പോലും, നിലവിൽ ഏതാണ്ട് നാലായിരത്തോളം പേരാണ് മരിക്കുന്നത്. അതിനെ ഗണ്യമായ അളവിൽ കുറയ്ക്കുന്നതിനാണ് ഈ മിഷനിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പല യൂറോപ്യൻ രാജ്യങ്ങളും പ്രത്യേകിച്ചും സ്വീഡൻപോലുള്ള രാജ്യങ്ങളിൽ, അവർ നീണ്ടുനിന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഒരു കോടി ആളുകൾക്ക് ഏതാണ്ട് ഇരുന്നൂറ് ആളുകൾ മാത്രം മരിക്കുന്ന ഒരവസ്ഥയിലേക്ക് അത്തരം രാജ്യങ്ങൾ എത്തിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഏതാണ്ട് നാലായിരം പേരാണ് മൂന്നരക്കോടി ആളുകളിൽ

മരിക്കുന്നത്. നമ്മുടെ നാട്ടിൽ എത്ര പേർ മരിക്കണമെന്നതല്ല, മരണസംഖ്യയുടെയും അപകടങ്ങളുടെയും എണ്ണത്തെ കുറയ്ക്കുന്നതിനുള്ള വിശദമായൊരു പ്രവർത്തനം, ഒരു മിഷൻ മോഡിലൂടെ ഗവൺമെന്റ് ചെയ്യാൻ പോകുകയാണെന്ന് ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. അതിനാൽ ഇനിയുള്ള ദിവസങ്ങളിൽ അപകടമുണ്ടാകില്ല എന്ന അർത്ഥത്തിൽ മാത്രമല്ല അപകടമുണ്ടായാൽ, പ്രത്യേകിച്ചും നേരത്തെ ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി മദ്യപിച്ചും മയക്കുമരുന്നുകൾ ഉപയോഗിച്ചുകൊണ്ടും വാഹനമോടിച്ചതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും അപകടമരണങ്ങൾക്കും പ്രത്യേക നിയമം എങ്ങനെ തയ്യാറാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് നിയമ വിദഗ്ധരുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അശ്രദ്ധയോടുകൂടി വാഹനം ഓടിച്ചുവെന്ന ഒറ്റ കാറ്റഗറിയിൽമാത്രം ഉൾപ്പെടുത്താതെ പഴയ തരത്തിലുള്ള 304A മാത്രം ഉപയോഗിക്കാതെ അപകടമുണ്ടാക്കുന്ന ഇത്തരം ആളുകൾക്കെതിരെ ഏറ്റവും കർശനമായ ശിക്ഷാ നടപടികൾ എങ്ങനെ

സ്വീകരിക്കാമെന്നും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. യാദൃച്ഛികമായി അപകടമുണ്ടാകാം. പക്ഷെ ബോധപൂർവമെന്ന മട്ടിൽ മദ്യപിച്ചും ലഹരിക്ക് അടിമപ്പെട്ടും വാഹനം ഓടിക്കുന്നത് കാരണം ആളുകൾ മരിക്കുന്ന സാഹചര്യമുണ്ടായാൽ അവരെ കൽത്തുറുങ്കിൽ അടയ്ക്കുന്നതിനും അവരുടെ വാഹനം കണ്ടുകെട്ടുന്നതിനുമുള്ള നടപടികൾ കർശനമാക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ജനങ്ങൾ സഭയിലൂടെ നൽകുന്ന വലിയൊരു വാഗ്ദാനമാണ്. അത് കൃത്യമായി നിർവഹിക്കുമെന്ന് ഉറപ്പ് നൽകിക്കൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ എല്ലാ തരത്തിലുമുള്ള ആശങ്കകളും ഉൾക്കൊള്ളുകയും പ്രത്യേകിച്ചും ഏനാത്ത്-അടൂർ ഭാഗത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

## (6) പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ ഏറ്റെടുക്കൽ

ശ്രീ. പി. പി. സുമോദ്: സർ, പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂൾ സർക്കാർ ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം എന്നതാണ് സബ്മിഷൻ. തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട്

*13-10-2026*

*Submission*

സർവജന ഹയർസെക്കൻഡറി സ്കൂൾ പുതുക്കോട്-കണ്ണമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർഥികളുടെ ഏക ആശ്രയ കേന്ദ്രമാണ്. നേരത്തെ പതിനേഴംഗ മാനേജിങ് കമ്മിറ്റിയാണ് സ്കൂൾ നടത്തിയിരുന്നത്. ട്രസ്റ്റ് അംഗങ്ങളാരും നിലവിൽ ജീവിച്ചിരിപ്പില്ലാത്തതിനാൽ മുമ്പ് മാനേജരായിരുന്ന ശ്രീ. പി. വി. പരമേശ്വര അയ്യർ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് കാണിച്ച് സർക്കാരിലേക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ എക്സ്-ഒഫീഷ്യോ മാനേജരായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്കൂൾ 2021 ഫെബ്രുവരി 17-ന് സർക്കാർ ഉത്തരവുപ്രകാരം സർക്കാർ സ്ഥിരമായി ഏറ്റെടുക്കുന്നതിന് അംഗീകാരം നൽകി. ആ ഘട്ടത്തിൽ 2021-ലെ ബജറ്റിൽ 10 കോടി രൂപ സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി വകയിരുത്തുകയും ചെയ്തു. എന്നാൽ ആ സമയത്ത് സ്കൂൾ ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടുവിൽ മഠം ഗ്രൂപ്പ് ഓഫ് ടെമ്പിൾ ട്രസ്റ്റ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു. പിന്നീട്

*13-10-2026*

*Submission*

കേസ് നടത്തിപ്പിനെതുടർന്ന് പ്രസ്തുത കേസ് 04-08-2025-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിസ്പോസ് ചെയ്തിട്ടുണ്ട്. നിലവിൽ സ്കൂൾ നിലനിൽക്കുന്ന 3 ഏക്കർ 27 സെന്റ് ഭൂമിയുൾപ്പെടെ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചിരിക്കുന്നതാണ് നിലവിലെ സ്ഥിതി. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുൾപ്പെടെ പരിതാപകരമായ അവസ്ഥയിലാണ്. പുതുക്കോട് സർവജന ഹയർ സെക്കൻഡറി സ്കൂളിന്റെ ഭാവി സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമായി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കണമെന്നും വരും ദിവസങ്ങളിൽ ഒന്നുകിൽ പാലക്കാട് ജില്ലയിലോ തിരുവനന്തപുരം ജില്ലയിലോ സ്കൂളുമായി ബന്ധപ്പെട്ട പ്രത്യേക യോഗം വിളിച്ചുചേർക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടി മുൻകൈയെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

*13-10-2026*

*Submission*

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് സർവജന ഹയർസെക്കൻഡറി സ്കൂൾ പൊതുതാൽപര്യാർഥം 09-03-2004-ൽ വിദ്യാഭ്യാസ വകുപ്പ് അഞ്ച് വർഷത്തേക്ക് ഏറ്റെടുക്കുകയും പാലക്കാട് ജില്ലാ കളക്ടറെ പ്രസ്തുത വിദ്യാലയത്തിന്റെ എക്സ്-ഒഫീഷ്യോ മാനേജരായി നിയമിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഹൈസ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് 17-02-2021-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനുശേഷമാണ് ഇവിടെ സൂചിപ്പിച്ചതുപോലെ, തൃശ്ശൂർ നടുവിൽ മഠം തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുള്ളത്. അതോടൊപ്പംതന്നെ ടി പ്രദേശത്തുള്ള മറ്റൊരു ഏജൻസിയായ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ എഡ്യൂക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റും ഈ സ്കൂൾ തങ്ങൾക്ക് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് ഒരു റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. ഈ രണ്ട്

*13-10-2026*

*Submission*

കേസുകളും ഒരുമിച്ച് കേട്ടതിനുശേഷം ഗവൺമെന്റിനോട് ഒരു ഹിയറിങ് നടത്തി ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നുള്ളത് സംബന്ധിച്ച് അന്തിമ തീർപ്പ് കൽപിക്കുന്നതിനുവേണ്ടി സർക്കാരിനോട് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സർവജന ഹയർസെക്കൻഡറി സ്കൂളിന്റെ യഥാർഥ ഉടമസ്ഥനെ കണ്ടെത്തുന്നതിന് റവന്യൂ രേഖകൾ പരിശോധിച്ച് സ്കൂളിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് നിജപ്പെടുത്തുന്നതിനുവേണ്ടി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഈ വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സ്കൂളിന്റെ എക്സ്-ഒഫീഷ്യോ മാനേജരായി പ്രവർത്തിക്കുന്നത് പാലക്കാട് ഡി.ഡി.ഇ. ആണ്. ഇക്കാര്യത്തെ സംബന്ധിച്ച് ഏറെക്കുറെ സബ്മിഷനിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ഇതിന്റെ നിലവിലെ സ്ഥിതി ഉടമസ്ഥാവകാശം തീരുമാനിക്കുന്നതിനെ സംബന്ധിച്ചാണ്. നടുവിൽ മഠം അവരുടെ റൈറ്റ് relinquish ചെയ്തിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ, ഒരു

ഘട്ടത്തിൽ ഒരു മാനേജർ സർക്കാർ ഏറ്റെടുക്കുന്നതിൽ താൽപര്യം കാണിക്കുകയും എന്നാലിപ്പോൾ വന്നിട്ടുള്ള അവരുടെ അനന്തരാവകാശികൾ തങ്ങളുടെതാണെന്നും തങ്ങൾക്ക് അതിൽ അവകാശമുണ്ടെന്നും പറയുന്ന സ്ഥിതിയാണുള്ളത്. ആ അവകാശം വിട്ടുകിട്ടുകയാണെങ്കിൽ ആ പ്രദേശത്തെ രണ്ട് പഞ്ചായത്തുകളിൽ വിദ്യാഭ്യാസ രംഗത്ത് വളരെ പ്രധാനപ്പെട്ട സേവനങ്ങൾ ചെയ്തിട്ടുള്ള ഇനിയും ചെയ്യാൻ സാധിക്കുന്ന ഒരു വിദ്യാലയമാണ്. അത് ഏറ്റെടുക്കുന്നതിന് സർക്കാർ സന്നദ്ധവുമാണ്. പക്ഷെ ഈ നിയമ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. അക്കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

### (7) <u>തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് നവീകരണം</u>

<u>ശ്രീ. വർഗീസ് മാമ്മൻ</u>: സർ, തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് എന്റെ നിയോജകമണ്ഡലത്തിൽ തിരുവല്ലയെയും മല്ലപ്പള്ളി താലൂക്കിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും കോട്ടയം ജില്ലയുടെ അതിർത്തിവരെയുമുള്ള പ്രധാനപ്പെട്ട റോഡാണ്. തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ

*13-10-2026*
*Submission*

20.40 കിലോമീറ്റർ റോഡ് വികസനം 2016-17 ബജറ്റിൽ സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ടി പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. കിഫ്ബിയുടെ അംഗീകാരവും 81.57 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടും ജനങ്ങൾ ഇന്നും തകർന്ന റോഡിലൂടെയാണ് യാത്ര ചെയ്യുന്നത്. തിരുവല്ല-മല്ലപ്പള്ളി ഭാഗത്ത് 14.5 കിലോമീറ്റർ പന്ത്രണ്ട് മീറ്റർ വീതിയിലും മല്ലപ്പള്ളി-ചേലക്കൊമ്പ് പ്രദേശത്ത് 5.5 കിലോമീറ്റർ പത്ത് മീറ്റർ വീതിയിലുമാണ് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് 10.70 കോടി രൂപയുടെ ഭരണാനുമതിയും പിന്നീട് പുതുക്കിയ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം ജില്ലകളിലാകെ 32084 ചതുരശ്ര മീറ്റർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. എൽ.എ.ആർ.ആർ. ആക്റ്റുപ്രകാരം നടപടികൾക്കായി പത്തനംതിട്ട ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ടിജൻസി തുകയായി അമ്പത് ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. 11(1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ താമസിക്കുന്നതുമൂലം നഷ്ടപരിഹാരത്തിനായി പലിശ നൽകേണ്ട അധിക ബാധ്യതയും

*13-10-2026*
*Submission*

സർക്കാരിന് ഉണ്ടാകുന്നുണ്ട്. അതേസമയം ജനങ്ങളുടെ ദുരിതം പരിഹരിക്കുന്നതിനായി നിലവിലെ റോഡിൽ അടിയന്തര ഓവർലേ ചെയ്യുന്നതിന് 7.49 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും നാളിതുവരെ ഫണ്ട് നൽകി പണിയാരംഭിച്ചിട്ടില്ലാത്തതുമാണ്. പത്ത് വർഷമായി കാത്തിരിക്കുന്ന ഈ റോഡ് വികസനം ഇനിയും ഫയലുകളിലും നടപടിക്രമങ്ങളിലും കുടുങ്ങിക്കിടക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. റോഡിന്റെ ശോചനീയാവസ്ഥ കാരണം ജനങ്ങൾ അനുഭവിക്കുന്ന ദുരിതവും സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും കണക്കിലെടുത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായും പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 28-10-2019-ൽ കേരള സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് അന്നത്തെ സി.ഇ.ഒ. ആയിരുന്ന ശ്രീ. കെ. എം. എബ്രഹാമിന്റെ അധ്യക്ഷതയിൽ യോഗംകൂടി വീതി കുറച്ചുകൊണ്ട് ഈ റോഡ് പദ്ധതിയിൽ ചില ഭാഗത്ത് റീ-ഡിസൈനിങ് നടത്തിയിട്ടുണ്ട്. അത് നിലവിലുള്ള പദ്ധതിയുടെ മറ്റ്

ഭാഗത്തുകൂടി ബാധകമാകുമോയെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, 2016-ലാണ് ഈ റോഡിന്റെ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടൊരു കാര്യമാണ്. 2026-ൽ എത്തിയിട്ടും നവീകരണപ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് കേവലം നാലര മാസം മാത്രമേ ആയിട്ടുള്ളൂ. പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, അതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ, സർവെ റിപ്പോർട്ട്, സ്ട്രക്ച്ചറൽ വാല്യുവേഷൻ എന്നിവയൊന്നും തയ്യാറായിട്ടില്ല. കൂടാതെ, K.S.E.B., K.W.A. എന്നീ വകുപ്പുകളിൽനിന്ന് എസ്റ്റിമേറ്റുകളും ലഭിച്ചിട്ടില്ല. D.P.R., D.S.R. 2021 പ്രകാരം പുതുക്കുന്നതിനായി ഡിസൈനിങ് വിഭാഗത്തിന് കത്ത് നൽകിയിട്ടേയുള്ളൂ. L.A. Cost എത്രയാണെന്ന് റവന്യൂ വകുപ്പ് ഇതുവരെ അറിയിച്ചിട്ടില്ല. പ്രസ്തുത വിവരം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. അതിനാൽ, D.P.R. പുതുക്കേണ്ടതുണ്ട്. D.P.R. റിവൈസ് ചെയ്തതിനുശേഷം

എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ. കൂടാതെ, റവന്യൂ വകുപ്പിൽനിന്ന് സ്ഥലം ലഭിക്കേണ്ടതുമുണ്ട്.

സൈറ്റ് ഹാന്റ് ഓവർ ചെയ്ത് ഫണ്ട് നൽകി ലാന്റ് അക്വിസിഷനും D.P.R. ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങളുമെല്ലാം ഈ സർക്കാരിന്റെ കാലത്ത് ചെയ്യണമെങ്കിൽ കുറഞ്ഞത് അഞ്ച് വർഷമെങ്കിലുമെടുക്കും. പ്രസ്തുത റോഡിന്റെ നവീകരണത്തെ സംബന്ധിച്ചും നിലവിലുള്ള റോഡ് താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട അംഗവുമായി നേരിട്ട് സംസാരിക്കാം.

8. <u>പെരിങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണം</u>

<u>ശ്രീ. കാരായി രാജൻ</u>: സർ, പെരിങ്ങാടി റെയിൽവേ ലെവൽക്രോസിൽ മേൽപ്പാലം നിർമ്മിക്കണമെന്ന ആവശ്യമാണ് സബ്മിഷനായി ഉന്നയിക്കാനുള്ളത്. തലശ്ശേരി നിയോജകമണ്ഡലത്തിലെ ന്യൂമാഹി-ചൊക്ലി PWD റോഡിലാണ് 223-ാം നമ്പർ ലെവൽക്രോസ് സ്ഥിതി ചെയ്യുന്നത്. അവിടെയൊരു Railway Over Bridge

നിർമ്മിക്കണമെന്നത് ദീർഘകാലങ്ങളായുള്ളൊരു ആവശ്യമാണ്. തലശ്ശേരി- മാഹി ബൈപാസ് യാഥാർത്ഥ്യമായതോടെ ഇതുവഴി ധാരാളം വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കാണ് ഈ റോഡിൽ ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അറിയാവുന്നൊരു പ്രദേശമാണിത്. വളരെയധികം രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു മേഖലയും റോഡുമായി ഇത് അറിയപ്പെടുന്നുണ്ട്. ഇന്ത്യൻ യൂണിയനകത്ത് നിലനിന്നിരുന്ന ഫ്രഞ്ച് അധീനപ്രദേശമായ മാഹിയിലേക്ക് കടന്നുപോകാൻ ഒരു കാലത്ത് സാധിക്കാതിരുന്നപ്പോൾ അന്ന് നമ്മുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു നേരിട്ട് മുൻകൈയെടുത്താണ് കേരളാതിർത്തിയിലൂടെ മാത്രമായി ഒരു റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കി തീർത്തത്. ഇത്തരത്തിൽ രാഷ്ട്രീയ പ്രാധാന്യമുള്ള തന്ത്രപ്രധാനമായൊരു റോഡിലൂടെയുള്ള യാത്ര അതീവ പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്. തലശ്ശേരി- മാഹി ബൈപ്പാസ് യാഥാർത്ഥ്യമായതോടുകൂടി മാഹിയിലും തലശ്ശേരിയിലുമെത്താൻ ആയിരക്കണക്കിന് വാഹനങ്ങൾ ഈയൊരു

പാതയാണ് ഉപയോഗിക്കുന്നത്. വാഹനങ്ങളുടെ പെരുപ്പവും തലശ്ശേരി, മാഹി റെയിൽവേ സ്റ്റേഷനുകൾക്കിടയിലൂടെ ധാരാളം വണ്ടികൾ പോകുന്നതും കാരണം വലിയ ഗതാഗതക്കുരുക്ക് ഇവിടെ ഉണ്ടാകുകയാണ്. സർവകക്ഷി യോഗം ചേർന്ന് ഇവിടെ റെയിൽവേ മേൽപ്പാലം നിർമ്മിക്കണമെന്ന ആവശ്യം ദീർഘകാലമായി ഉന്നയിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെയൊരു റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്നും ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. ബഷീർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മാഹി-ചൊക്ലി റോഡിൽ Railway Over Bridge അത്യാവശ്യമാണ്. എനിക്കറിയാവുന്ന പ്രദേശമാണത്. അവിടെ എത്തുമ്പോൾ റെയിൽവേഗേറ്റ് അടച്ചിട്ടിരിക്കുന്നതിന്റെ ഫലമായി മണിക്കൂറുകളോളം ഗതാഗതക്കുരുക്കുള്ളത് കാണാൻ സാധിക്കും. അവിടെയൊരു Railway Over Bridge

*Submission*

നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. അക്കാര്യം റെയിൽവേ അധികൃതരുമായി സംസാരിക്കുന്നതാണ്.